**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3813** **09-10-2025 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി സാമൂഹ്യനീതി വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | മുതിർന്നപൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | മുതിർന്ന പൗരന്മാർക്ക് സർക്കാർ സംവിധാനങ്ങളിൽ നിന്ന് ഉൾപ്പെടെയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | (ബി) | മുതിർന്നപൗരന്മാർക്ക് സർക്കാർ സംവിധാനങ്ങളിൽ നിന്ന് ഉൾപ്പെടെയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 നടപ്പിലാക്കുന്ന -പദ്ധതി, സായംപ്രഭാ ഹോം പദ്ധതി, മാതൃകാ സായംപ്രഭ ഹോം പദ്ധതി, വയോമധുരം, വയോഅമൃതം, മന്ദഹാസം, വയോരക്ഷ, ഓർമ്മത്തോണി പദ്ധതി, എൽഡർലൈൻ പദ്ധതി എന്നിവ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട് . ഇതുകൂടാതെ നടപ്പുവർഷം മുതൽ പുതിയ പദ്ധതികളായ സല്ലാപം, റാപ്പിഡ് റെസ്പോൺസ് ടീമുകൾ (RRT), വയോജന സ്കിൽ ബാങ്ക് എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും, സുരക്ഷയും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്ത് വയോജന കമ്മീഷനും, വയോജന കൗൺസിലും പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>വയോജന ക്ഷേമ പദ്ധതികൾക്ക് വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ സുനീതി പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>MWPSC ആക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങൾക്ക് മെയിന്റനൻസ് ട്രിബ്യൂണലുകളിൽ ചെന്നു പരാതി സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി നടപ്പുവർഷം മുതൽ |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ട്രാക്കിംഗ് സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതിയിലൂടെ 65 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാർക്കായി ഒരു നിശ്ചിത സ്ഥലത്ത് മൊബൈൽ ക്യാമ്പ് നടത്തി അതിലൂടെ സൗജന്യ വൈദ്യപരിശോധന, മരുന്നുവിതരണം, കൗൺസലിംഗ് തുടങ്ങിയ സേവനങ്ങൾ സമയബന്ധിതമായി നൽകി വരുന്നു.<br><br>പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി വാതിൽപ്പടി സേവനം എന്ന പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി രതദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. പാലിയേറ്റീവ് കെയർ വ്യാപകമായി ലഭ്യമാക്കുന്നതിന് സംസ്ഥാനവ്യാപകമായ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുമുണ്ട്. |
| (സി) | 65 വയസ്സ് കഴിഞ്ഞവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും തടസ്സം നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരം ആരോഗ്യ സേവനങ്ങൾ നിഷേധിക്കപ്പെടുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (ABPM JAY/KASP) പ്രകാരം അർഹരായവർക്ക് സൗജന്യ ചികിത്സ നിലവിൽ നൽകിവരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ RBSY/CHIS തുടങ്ങിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 2018-19ൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങളാണ് അർഹരായിട്ടുള്ളത്. 2018-2019 കാലയളവിൽ സാധുതയുള്ള RBSY/CHIS കാർഡ് കൈവശമുണ്ടെങ്കിൽ പുതിയ പദ്ധതിയിൽ അംഗത്വ മെടുക്കാവുന്നതാണ്. RBSY/CHIS വിഭാഗങ്ങൾക്ക് പുറമെ കേന്ദ്ര സർക്കാർ 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം തിരഞ്ഞെടുത്ത ദുർബല വിഭാഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നതിന് അർഹരാണ്. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 5 ലക്ഷം രൂപയുടെ വാർഷിക ചികിത്സാ അനുകൂല്യങ്ങൾ മുഴുവൻ കുടുംബത്തിനും ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക |

| | | | |
|---|---|---|---|
| | | | വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ചികിത്സ ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ചികിത്സ പരിരക്ഷ കുടുംബത്തിനു മുഴുവനായി ലഭിക്കുന്നതാണ്. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ അധിക ചികിത്സ ആനുകൂല്യം ഈ പദ്ധതി മുഖേന ലഭിക്കുന്നതാണ്. മേൽ സൂചിപ്പിച്ച പദ്ധതികൾ വഴി പ്രസ്തുത പ്രായപരിധിയിൽ ഉൾപ്പെടുന്ന മുതിർന്നപൗരന്മാർക്ക്, അവർ ഗുണഭോക്തൃ കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണെങ്കിൽ, ചികിത്സാ സേവനങ്ങൾ ലഭ്യമാകുന്നതാണ് |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം -2007 നടപ്പിലാക്കുന്ന പദ്ധതി</u>**

മെയിന്റനൻസ് കേസുകളുമായി ബന്ധപ്പെട്ട സ്വത്തുതർക്കങ്ങളും, മറ്റുപരാതികളുടെയും വർദ്ധനവ്മൂലം കേരളത്തിലുടനീളം ട്രൈബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ കേസ് നടത്തിപ്പിന് RDO മാരെ സഹായിക്കുന്നതിനായി ട്രൈബ്യൂണലുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കി ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെയും കൺസീലിയേഷൻ ഓഫീസർമാരെയും നിയമിക്കുന്ന പദ്ധതി.

**<u>സായംപ്രഭാ ഹോം പദ്ധതി</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധികസൗകര്യങ്ങൾ നൽകികൊണ്ട് നവീകരിക്കുന്നപദ്ധതി. ബന്ധപ്പെട്ടപ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

**<u>മാതൃകാ സായം പ്രഭ പദ്ധതി</u>**

മുതിർന്നപൗരന്മാരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിന്, സായംപ്രഭ ഹോമുകളെ പ്രാദേശികതലത്തിലുള്ള വിഭവകേന്ദ്രങ്ങളായി (resource centre) മാറ്റിയെടുത്തുകൊണ്ട് 2025-26 വർഷത്തിൽ മാതൃകാ സായംപ്രഭ ഹോം പദ്ധതി കാലാനുസൃതമായ പരിഷ്കാരങ്ങളുടെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് .

**<u>വയോമധുരം</u>**

പ്രമേഹബാധിതരായ മുതിർന്നപൗരന്മാർക്ക് എല്ലായിപ്പോഴും ആശുപത്രി/ലാബുകളിൽ പോയി രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഈ സാഹചര്യത്തിൽ, പ്രമേഹരോഗ ബാധിതരായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതിയാണ് വയോമധുരം

**<u>വയോ അമൃതം</u>**

മക്കളിൽനിന്നും ഒറ്റപ്പെട്ട് ആരാലും സംരക്ഷിക്കപ്പെടാതെ മാനസികമായി തളർന്നും, വാർദ്ധക്യ സഹജമായ രോഗങ്ങളാൽ പീഡിപ്പിക്കപ്പെട്ടും വൃദ്ധസദനങ്ങളിൽ എത്തപ്പെടുന്ന വയോധികരായ താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും, സാന്ത്വന പരിചരണത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സ വകുപ്പുമായി ചേർന്ന് 14 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി.

**<u>മന്ദഹാസം</u>**

സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്നപൗരന്മാർക്ക് കൃത്രിമ ദന്തനിര വച്ചുനൽകുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ നീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മന്ദഹാസം.

**<u>വയോരക്ഷ പദ്ധതി</u>**

സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സമൂഹത്തിലെ മുതിർന്നപൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തിര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം, ഭക്ഷണം , ക്രച്ചസ് തുടങ്ങിയ അസ്സിസ്റ്റീവ് ഉപകരണങ്ങൾ അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് അനുവദിക്കുക എന്നീ ഉദ്ദേശത്തോടുകൂടി 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോരക്ഷ പദ്ധതി.

**<u>വയോമിത്രം പദ്ധതി</u>**

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സിനുമുകളിൽ പ്രായമുള്ള മുതിർന്നപൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ്, പാലിയേറ്റീവ് സേവനം, ഹെല്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകി വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നഗരസഭകളുമായി ചേർന്നു കൊണ്ട് 2011 മുതൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് വയോമിത്രം. ഈ പദ്ധതി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും, 85 മുനിസിപ്പാലിറ്റികളിലും, 4 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു. നിലവിൽ 95 സ്ഥലങ്ങളിലായി 104 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. മുതിർന്നപൗരന്മാർക്ക് മാനസിക ആരോഗ്യം നൽകുന്നതിനോടൊപ്പം ക്ലിനിക്കൽ പരിശോധനയും സൗജന്യ മരുന്ന് വിതരണവും മുഖ്യ ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലെ വാതിൽപ്പടി സേവനം എന്ന പദ്ധതിയിലൂടെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പു രോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്നപൗരന്മാർ എന്നിവരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നല്കി വരുന്നു. കൂടാതെ വയോജനങ്ങളുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിനും, ജീവിത ശൈലീ രോഗങ്ങൾ, മറ്റു ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ കുറക്കുന്നതിനും സഹായമാകുന്ന തരത്തിലുള്ള പ്രോഗ്രാമുകളായ യോഗ, കൗൺസലിംഗ്, വിനോദ യാത്രകൾ, വിവിധങ്ങളായ ദിനാചരണ പരിപാടികൾ, വിവിധങ്ങളായ ആഘോഷ പരിപാടികൾ എന്നിവയും വയോമിത്രം പദ്ധതിയിലൂടെ വയോജനങ്ങൾക്ക് നൽകി വരുന്നു.

**<u>വയോസാന്ത്വനം പദ്ധതി</u>**

സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ അറുന്നൂറിലധികം ഓൾഡ് ഏജ് ഹോമുകൾ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിന് പല സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നു. ആയത് പരിഹരിക്കുന്നതിനായി സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭ്യമാക്കി കിടപ്പുരോഗികളായ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് വയോസാന്ത്വനം പദ്ധതി.

**<u>ഓർമ്മത്തോണി</u>**

ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കി കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖേന ഡിമെൻഷ്യ സൗഹൃദ കേരളം

എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പദ്ധതിയാണ് "ഓർമ്മത്തോണി". ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറി സ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ട നടപടികളും മിഷൻ സ്വീകരിച്ചു വരുന്നു.

**<u>എൽഡർലൈൻ പദ്ധതി</u>**

മുതിർന്നപൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനും, സീനിയർ സിറ്റിസൺസ് വെൽഫെയർ ആക്ട് ശരിയായി നടപ്പിലാക്കുന്നതിനുമായി കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എൽഡർലൈൻ പദ്ധതി.

**<u>നടപ്പുവർഷം ആരംഭിക്കുന്ന പുതിയ പദ്ധതികൾ</u>**

**<u>സല്ലാപം</u>**

മുതിർന്നപൗരന്മാരുടെ മാനസിക ആരോഗ്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായും, അവർ അനുഭവിക്കുന്ന ഏകാന്തതക്ക് പരിഹാരം കാണുന്നതിനുമായി, മുതിർന്നപൗരന്മാരെയും ഒരു പുതിയ തലമുറയെയും ടെലിഫോൺ മുഖാന്തിരം ബന്ധിപ്പിച്ച്, ഒറ്റക്ക് താമസിക്കുന്ന/ഒറ്റപ്പെടൽ അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് ഒരു phone mate-നെ/telephone friend നെ നൽകുകയും, അതിലൂടെ മുതിർന്നപൗരന്മാരുടെ വാർദ്ധക്യം കൂടുതൽ സന്തോഷകരമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോട് കൂടിയാണ് 'സല്ലാപം' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്.

**<u>വയോജന സ്കിൽ ബാങ്ക്</u>**

മുതിർന്നപൗരന്മാരുടെ ജീവിതാനുഭവവും വൈദഗ്ധ്യവും സമൂഹത്തിനായി വിനിയോഗിക്കപ്പെടുകയും, അവരുടെ ജീവിതം കൂടുതൽ സജീവവും ഉത്സാഹജനകവുമായിത്തീർക്കുകയും ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പ് “സ്കിൽ ബാങ്ക്” എന്ന പേരിൽ വയോജന ജോബ് പോർട്ടൽ നടപ്പിലാക്കുകയാണ്. ഈ പോർട്ടലിൽ 60 വയസ്സിനു മുകളിലുള്ള മുതിർന്നപൗരന്മാർക്ക് എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാനും, തങ്ങൾക്ക് പ്രാവീണ്യമുള്ള തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാനും സൗകര്യമുണ്ടാകും.

**<u>റാപ്പിഡ് റെസ്പോൺസ് ടീമുകൾ (RRT)</u>**

മുതിർന്നപൗരന്മാരെ രക്ഷപ്പെടുത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും അവരുടെ സുരക്ഷ, ക്ഷേമം, സമൂഹത്തിലേക്കുള്ള പുനഃസംയോജനം എന്നിവ ഉറപ്പാക്കുന്നതിനുമായി 14 ജില്ലകളിലും റാപ്പിഡ് റെസ്പോൺസ് ടീമുകൾ (RRT) സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.